(സി) ഒഴിവുകളുണ്ടായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പു മേധാവികളുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

51 (60) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ 2011 മാർച്ച് 31-ന് പ്രതീക്ഷിക്കുന്നതുൾപ്പെടെയുള്ള ഒഴിവുകൾ എത്രയാണ് ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതെന്നാണ് ;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെയുള്ള നിയമനനില എപ്രകാരമാണ് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ

52 (61) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർക്കാർ നിർദ്ദേശം വകുപ്പ് മേധാവികൾ കൃത്യമായി പാലിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വകുപ്പുമേധാവികൾ റിപ്പോർട്ട്ചെയ്യുന്ന ഒഴിവുകളുടെയും പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുകൾക്ക് വിവരാവകാശ നിയമപ്രകാരം ലഭിച്ച ഒഴിവുകളുടെയും എണ്ണത്തിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഒഴിവുകൾ സംബന്ധിച്ച് തെറ്റായ റിപ്പോർട്ട് നൽകുന്ന മേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ;

(ഡി) സർക്കാർ നിർദ്ദേശം പാലിക്കാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം കാണിക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly